**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4157** **03-03-2023 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാമിന്റെ കീഴിൽ തൃശ്ശൂർ ജില്ലയിൽ എത്ര സംരംഭങ്ങൾ 2022-ൽ ആരംഭിച്ചിട്ടുണ്ടെന്നും ആയതിന് എത്ര കോടി രൂപ വായ്പയിനത്തിൽ നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ? | (എ) | തൃശ്ശൂർ ജില്ലയിലെ കൊടകര, പഴയന്നൂർ എന്നീ രണ്ട് ബ്ലോക്കുകളിലാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (SVEP) നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ളത്. ആയതിൽ 2018-ൽ ആരംഭിച്ച കൊടകര ബ്ലോക്കിൽ പദ്ധതി നടത്തിപ്പ് നാല് വർഷം പൂർത്തീകരിച്ച് 100% ടാർഗറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. 2021-ൽ അനുമതി ലഭിച്ച പഴയന്നൂർ ബ്ലോക്കിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചു വരുന്നു. 2022-ൽ കൊടകര ബ്ലോക്കിൽ 171 സംരംഭങ്ങൾ ആരംഭിച്ചു. 151 സംരംഭങ്ങൾക്ക് 48.45 ലക്ഷം രൂപ സി.ഇ.എഫ്. വായ്പയും മൂന്ന് സംരംഭങ്ങൾക്ക് 5.48 ലക്ഷം രൂപ ബാങ്ക വായ്പയും അനുവദിച്ചു. |

സെക്ഷൻ ഓഫീസർ